സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ദേവസ്വം വക തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നത് സംബന്ധിച്ച് ''ദേവഹരിതം പദ്ധതി''

---

ആർ.ഒ.സി. നമ്പർ 3986/20/L　　　　　　　നന്തൻകോട്, 16 /08/2020

---

പരാമർശം:- 1. പദ്ധതി കോ-ഓർഡിനേറ്റർ ശ്രീ.ബി. ഉണ്ണികൃഷ്ണൻ. 1/7/2020-ൽ 11/ദേവഹരിതം നമ്പരായി ഹാജരാക്കിയ റിപ്പോർട്ട്.

2. 5/8/2020-ലെ ആർ.ഒ.സി 3986/20/ലാന്റ് ബോർഡ് ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ചിട്ടുള്ള ''ദേവഹരിതം'' കാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സൂചനയായി ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ ബോർഡ് കൈകൊണ്ടിട്ടുള്ളതാണ്.

1. ദേവഹരിതം പദ്ധതി ബോർഡ് നേരിട്ട് ഉപദേശക സമിതിയുടെ സഹകരണത്തോടു കൂടി നടപ്പാക്കി വരുന്നതാണ്. കൃഷി സംബന്ധിച്ച് അത്യാവശ്യം വരുന്ന ചെലവുകൾ ബോർഡു തന്നെ വഹിക്കേണ്ടതാണ്.
2. കൃഷികളിൽ നിന്നും ലഭിക്കുന്ന ആദായം പരസ്യമായി ലേലം ചെയ്തു ബോർഡ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. ഇത്തരത്തിലുള്ള ആദായത്തിന്റെ ഭാഗം ഉപദേശക സമിതിയ്ക്ക് നൽകേണ്ട ആവശ്യമില്ല.
3. വിവിധ പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് ക്ഷേത്രം വക തരിശ് ഭൂമിയിൽ വൃക്ഷങ്ങളും മറ്റും വച്ച് പിടിപ്പിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ലഭിക്കുന്ന കത്തുകൾ അനുമതിക്കായി ബോർഡിലേയ്ക്ക് അയക്കേണ്ടതാണ്.
4. തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ബന്ധപ്പെടേണ്ടതാണ്. ആയതിന് അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തുന്നു.
5. മരാമത്ത് ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ചീഫ് എൻജിനീയർ(ജനറൽ) നെ ചുമതലപ്പെടുത്തുന്നു.
6. പല ദേവസ്വം വസ്തുക്കളിലും പൂർണ്ണവളർച്ചയെത്തിയ തേക്ക്, മറ്റ് വില പിടിപ്പുള്ള വൃക്ഷങ്ങൾ, സ്ലാട്ടറിംഗ് കാലാവധിയെത്തിയ റബ്ബർ എന്നിവ ആദായമൊന്നും ലഭിക്കാതെ നിൽപ്പുള്ളതാണെന്നും. ആയത് ഡിപ്പാർട്ട്മെന്റ് ചട്ടങ്ങൾ പാലിച്ച് ലേലം ചെയ്ത് മുറിച്ചു മാറ്റാവുന്നതും പ്രസ്തുത ഭൂമികളിൽ റീപ്ലാന്റേഷൻ ആരംഭിക്കാവുന്നതുമാണ്. ടി കാര്യങ്ങൾ സംബന്ധിച്ച് നിലവിലെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എസ്റ്റേറ്റ് ഡിവിഷൻ എക്സ്യിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തി ബോർഡുത്തവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

അസിസ്റ്റന്റ്സെക്രട്ടറി

( അഡീഷണൽ ഇൻചാർജ്ജ് സി സെക്ഷൻ)

വിവരമറിയാനും നടപടിക്കുമായി പകർപ്പ്;-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ശ്രീ.ബി. ഉണ്ണികൃഷ്ണൻ.കോ-ഓർഡിനേറ്റർ,''ദേവ ഹരിതം'' പദ്ധതി
3. ഇ.ഡി.പി സെക്ഷൻ
4. മിനിട്സ് സെക്ഷൻ (1[illegible])
5. സെക്ഷൻ ഫയൽ
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ്സെക്രട്ടറി